കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തലനാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി- 14/ 199/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 18/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി- 14/ 199/23 തീയ്യതി: 18/03/2023

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബീനാകുമാരി സി.ആർ	ഡെപ്യൂട്ടി ഡയറക്ടർ	25-01-2023	03-02-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
25-01-2023	03-02-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജി പി.ആർ, ഓഡിറ്റ് ഓഫീസർ
ശ്രീ.ഷാന്റി ജോർജ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ഷാജിമോൻ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി രജനി സുധാകരൻ	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ.സിയാദ് സി ഐ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-07-2021	07-07-2021
ശ്രീമതി സോഫിയ മാത്യൂ	സെക്രട്ടറി	08-07-2021	27-01-2022
ശ്രീമതി അജിതകുമാരി എ	സെക്രട്ടറി-ഇൻ-ചാർജ്ജ്	28-01-2022	02-02-2022
ശ്രീമതി സോഫിയ മാത്യൂ	സെക്രട്ടറി	03-02-2022	31-03-2022
ജോയ് മാത്യൂ	സെക്രട്ടറി	01-04-2021	30-06-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ഫരീദുദ്ധീൻ വി എം	കൃഷി ഓഫീസർ	01-04-2021	31-03-2022
ശ്രീ ജ്യോതിരാജ് കെ എസ്	അസിസ്റ്റന്റ് എഞ്ചിനിയർ (എൽ ഐ ഡി ആൻഡ് ഇ ഡബ്ലിയു)	01-04-2021	16-11-2021
ശ്രീമതി ആര്യരാജ്	അസിസ്റ്റന്റ് എഞ്ചിനിയർ (എൽ ഐ ഡി ആൻഡ് ഇ ഡബ്ലിയു)	17-11-2021	31-03-2022
ഡോ. സുധീഷ് കെ	മെഡിക്കൽ ഓഫീസർ,പി.എച്ച്.സി	01-04-2021	31-03-2022
ഡോ. വിന്നിമോൾ ജോസ്	വെറ്റിനറി സർജൻ	01-04-2021	31-03-2022
ശ്രീമതി അന്ന കുമാരൻ	ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	01-04-2021	31-03-2022
ശ്രീമതി മിനി ജോസഫ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2021	31-03-2022
ശ്രീ ആകാശ് ടോം	വി ഇ ഒ	01-04-2021	31-03-2022
ശ്രീ.ഐസക് ജോർജ് പി	ഹെഡ് മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ	01-04-2021	26-10-2021
ശ്രീമതി സജിദ എ ഖാദർ	ഹെഡ് മിസ്ട്രസ് , ഗവ. എൽ.പി സ്കൂൾ	27-10-2021	31-03-2022
ശ്രീമതി ശ്രീജ എസ്.എം	മെഡിക്കൽ ഓഫീസർ,	01-04-2021	31-03-2022

	ആയുർവേദം		

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പ**ർ**
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഗ്രാന്റ് വിനിയോഗം	1-4
5	പദ്ധതിഅവലോകനം.	1-5
6	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം-	1-6
7	ക്ഷേമ പദ്ധതിക**ൾ**	1-7
8	ക്യാഷ് ബാലൻസ് പരിശോധന	1-8
9	ആഭ്യന്തരനിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	ഒരേ റോഡ് തന്നെ വിവിധ രീതികളിൽ സമീപ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു	1-11
12	വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു.	1-12
13	പാ**ർ**പ്പിടാവശ്യത്തിനായി നികുതി നി**ർ**ണ്ണയിച്ച കെട്ടിടങ്ങളി**ൽ** ലൈസ**ൻ**സില്ലാതെ കച്ചവട സ്ഥാപനങ്ങ**ൾ** പ്രവ**ർ**ത്തിക്കുന്നു	1-13
14	ജീവനക്കാരുടെ തൊഴി**ൽ** നികുതി ഈടാക്കിയില്ല	1-14
15	കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല	1-15
16	റേഷ**ൻ** കടകളി**ൽ** നിന്നും കള്ളുഷാപ്പുകളി**ൽ** നിന്നും സ്ഥാപന തൊഴി**ൽ** നികുതി ഈടാക്കിയിട്ടില്ല	1-16
17	ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല	1-17
18	കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല.	1-18
19	കാലിബാരലിന്റെ വില സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.	1-19
20	കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം അടവാക്കുന്നത് - കുടിശ്ശിക വിശദാംശങ്ങൾ വ്യക്തമല്ല	1-20
21	ആർദ്രം പദ്ധതി പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തൽ പ്രോജക്ട് -അപാകതകൾ	1-21
22	വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം പ്രോജക്ട് സംബന്ധിച്ച്	1-22
23	തലനാട് ഗവൺമെന്റ് എൽ. പി. സ്കൂൾ സ്മാർട്ട് ക്ലാസ് റൂം നിർമ്മാണവും അനുബന്ധപ്രവർത്തനങ്ങളും- അപാകതകൾ	1-23
24	കൃഷി ഓഫീസിലേക്ക് പ്രിന്ററും യു.പി.എസും വാങ്ങൽ- പ്രിന്റർ ലഭ്യമായിട്ടില്ല.	1-24

25	മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി തുക ഒടുക്കി- കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല	1-25
26	വീട് വാസയോഗ്യമാക്കൽ (എസ്.റ്റി) പ്രോജക്ട് സംബന്ധിച്ച്	1-26
27	ഒടുക്കിയ തുകയുടെ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല	1-27
28	വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല	1-28
29	സുഭിക്ഷകേരളം- ഇടവിളകൃഷിക്ക് കൂലിച്ചെലവ് സവ്സിഡി- വൗച്ചർ സൂക്ഷിച്ചിട്ടില്ല.	1-29
30	ലൈഫ് ഭവന പദ്ധതി അവലോകനം 2021-22	1-30
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 28.02.2022 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രതീക്ഷ	യഥാർത്ഥം
മുന്നിരിപ്പ്	4,37,049	36,08,673.50
വരവ്	7,54,22,592	3,85,45,792
ആകെ	7,58,59,641	4,21,54,465.50
ചെലവ്	7,49,64,992	3,84,77,921
നീക്കിയിരിപ്പ്	8,94,649	36,76,544.50

1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 27.04.2022-ലെ 2/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 36,08,673.50 രൂപയും തൻവർഷ വരവ് 3,85,45,792 രൂപയും തൻവർഷ ചെലവ് 3,84,77,921 രൂപയും വർഷാവസാന നീക്കിയിരിപ്പ് 36,76,544.50 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 69,635,258.00 രൂപയും ആകെ ചെലവ് 74,536,224.00 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ, വാർഷിക കണക്കുകളിൻമേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.
2. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
3. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിലും അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്ന് വർക്ക് ഷീറ്റിന്റെ അഭാവത്തിൽ വ്യക്തമല്ല.
4. വസ്തു നികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
5. വിവിധ അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. B-18 ഷെഡ്യൂൾ ഷെഡ്യൂളിലെ 460509901- Advance To Others ശീർഷകത്തിൽ നീക്കിയിരിപ്പുള്ള 2,03,100 രൂപയുടെ വിശദാംശം ലഭ്യമല്ല.
6. ബി 5 ഷെഡ്യൂളിലെ 330500201-Loan From KURDFC എന്ന ശീർഷകത്തിൽ 31.03.2021 ൽ തിരിച്ചടയ്ക്കുവാനുള്ള തുക 4102592/- രൂപയാണ്. തൻവർഷ തിരിച്ചടവ് തുക 7,92,000/- രൂപയും ക്ലോസിങ് ബാലൻസ് 33,10,592/- രൂപയുമാണ്. തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും ലോൺ രജിസ്റ്ററിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നുമില്ലാത്തതിനാൽ വായ്പയുടെ കൃത്യത ഉറപ്പാക്കുവാനായില്ല.
7. ആർ പി 5 ഷെഡ്യൂളിലെ 150120199-Sale Of Other Stores & Scrap ശീർഷകത്തിൽ 10,925 രൂപ

വരവായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ എസ് എൻ ബാലവാടി കെട്ടിടം പൊളിച്ച് നീക്കുവാനായി ലേലം ചെയ്ത് നൽകിയ വകയിൽ 22,025/- രൂപ പഞ്ചായത്തിന് തൻവർഷം വരവുണ്ട്. ബാലൻസ് തുക ബാധ്യതാ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത് .

8. രജിസ്റ്റർ പ്രകാരം ഇൻസ്റ്റിറ്റ്യൂഷണൽ പ്രൊഫഷൻ ടാക്സ് ഇനത്തിൽ 12,500/- രൂപ തൻവർഷം വരവുണ്ട് . ആയത് ആർ പി 1 ഷെഡ്യൂളിലെ 110200101 Profession Tax-Institutions/Traders ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല .

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	36,08,673.50
ഓഡിറ്റ് വർഷത്തെ വരവ്	3,85,45,792
ആകെ	4,21,54,465.50
ഓഡിറ്റ് വർഷത്തെ ചെലവ്	3,84,77,921
നീക്കിയിരിപ്പ്	36,76,544.50
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2631775

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	ബജറ്റ് വിഹിതം	ആകെ	ചെലവ്	സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	0	8342000	8342000	8342000	0	100
വികസനഫണ്ട് എസ്.സി.പി.	0	1079000	1079000	1079000	0	100
വികസനഫണ്ട് ടി.എസ്.പി.	0	2049852	2049852	1685285	364567	82.21
സംരക്ഷണഗ്രാന്റ് റോഡ്	0	4515587	4515587	3855999	659588	85.39
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	4879891	4879891	4533268	346623	92.89
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied)	0	1994213	1994213	1076059	918154	53.95
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied)	0	3048453	3048453	1279996	1768457	41.98
എം. ജി. എൻ. ആർ. ഇ. ജി. എസ്	21895	19302843	19324738	19315354	9384	99.95
ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം	116089	172894	288983	288983	0	100
ശുചിത്വമിഷൻ	1232390	298211	1530601	416555	1114046	27.21

ഗ്രാന്റ്						

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1090467/-രൂപ, 167750/-രൂപ, 15583/-രൂപ വീതം കുറവ് ചെയ്തതിനശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

പ്രോജക്ട് നം/ പേര്	ചെലവ്	ഫണ്ടിനം
169/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)	117333	വികസനഫണ്ട് പൊതുവിഭാഗം
172/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)	227333	വികസനഫണ്ട് പൊതുവിഭാഗം
176/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)	264001	വികസനഫണ്ട് പൊതുവിഭാഗം
168/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക	160600	വികസനഫണ്ട് പൊതുവിഭാഗം
171/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക	160600	വികസനഫണ്ട് പൊതുവിഭാഗം
175/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക	160600	വികസനഫണ്ട് പൊതുവിഭാഗം
ആകെ	1090467	
170/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.)	58667	വികസനഫണ്ട് എസ്.സി.പി.
173/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.)	51333	വികസനഫണ്ട് എസ്.സി.പി.
177/22 ലൈഫ് മിഷൻ വായ്പ മുതൽ	57750	എസ്.സി.പി.

തിരിച്ചടവ് (എസ്.സി.പി.)		
ആകെ	167750	
174/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി.)	7333	വികസനഫണ്ട് ടി.എസ്.പി.
178/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി.)	8250	വികസനഫണ്ട് ടി.എസ്.പി.
ആകെ	15583	

സംരക്ഷണഗ്രാന്റ് റോഡിതര വിഭാഗത്തിൽ നിന്നും 35319 രൂപ വോട്ടിംഗ് മെഷീന്റെ വിലയിനത്തിൽ 2020-21 വർഷം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിരുന്നു. ടി തുക തൻവർഷം ലഭിച്ചിട്ടുണ്ട്. പ്രോജക്ട് നം. 47/22 പ്രകാരം തലനാട് ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിനായി മെയിന്റനൻസ് ഫണ്ട് റോഡിതര വിഭാഗത്തിൽ നിന്നും 2,50,000 രൂപ വകയിരുത്തിയിരുന്നു. ആയുർവേദ മെഡിക്കൽ ഓഫീസറുടെ ട്രഷറി ബിൽ ബുക്ക് വഴി ബിൽ നം. 54/21-22/10.08.21 പ്രകാരം 2,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവ് ഉൾപ്പെടെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിലും ഗ്രാന്റ് വിനിയോഗ പത്രികയിലും ടി ചെലവ് ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 2/30.01.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസർക്കും, ഐ.കെ.എം 30.01.23ൽ കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്

1-5 പദ്ധതിഅവലോകനം.

2021-22 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 13.01.2021 ലെ 3(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 28.01.2021 ൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആസൂത്രണസമിതി യോഗം 25.01.2021 ൽ ചേർന്നു. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 06.02.2021 മുതൽ 12.02.2021 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 17.2.2021 ലാണ്. കോവിഡ് പ്രോട്ടോക്കോൾ നിലനിന്നിരുന്നതിനാൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ ചേർന്നിരുന്നില്ല. പഞ്ചായത്ത് കമ്മറ്റിയുടെ 26.07.2021ലെ 22(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് 17.01.22 മുതൽ 19.01.22തീയതി വരെയുള്ള ഗ്രാമസഭായോഗങ്ങൾ സാധൂകരിച്ച് തീരുമാനിച്ചിട്ടുണ്ട്. വികലാംഗ ഗ്രാമസഭ 16.0221 ലും ഊരുകൂട്ടം 06.02.2021 മുതൽ 12.02.21 വരെ യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 19.02.2021ലെ 3(2) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 24.03.22 ലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
141	43293544	125	28246839	16	88.65

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം	ആകെ അടങ്കൽ	തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം	ആകെ ചെലവ്
കൃഷി ഓഫീസർ	7	1134000	7	758963
വെറ്റിനറി സർജൻ	7	1728437	7	941500
മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി	5	1045000	5	995000
മെഡിക്കൽ ഓഫീസർ ആയുർവ്വേദം	3	115000	3	115000
വി.ഇ.ഒ	17	18468560	15	9328213
ഐ.സി.ഡി.എസ് സൂപ്പർവൈസർ	7	2745258	7	2503445
സെക്രട്ടറി	37	6594678	34	6213922
അസിസ്റ്റന്റ് എൻജിനീയർ	52	10028611	41	6798747
ഹെഡ് മാസ്റ്റർ	3	269000	3	107709
ഫിഷറീസ് സബ് ഇൻസ്പെക്ടർ	1	615000	1	84340
ഡയറി ഫാം ഇൻസ്ടക്ടർ	2	550000	2	400000
ആകെ	141	43293544	125	28246839

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ട് നം. 47/22 (ആയുർവ്വേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ) പ്രകാരം 250000 രൂപ_സംരക്ഷണ ഗ്രാന്റ് റോഡിതര വിഭാഗത്തിൽ നിന്നും ചെലവുണ്ട്. ആയത് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിലും ഗ്രാന്റ് വിനിയോഗ പത്രികയിലും ഉൾപ്പെട്ടിട്ടില്ല.

1370778/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2021-22 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 1370778/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ബജറ്റ് വിഹിതം	ചെലവഴിച്ച തുക	സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത്
വികസന ഫണ്ട് (ടി.എസ്.പി)	2049852	1685285	364567
സംരക്ഷണ ഗ്രാന്റ് (റോഡ്)	4515587	3855999	659588
സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്)	4879891	4533268	346623
ആകെ			1370778

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 13 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നിരുന്നാലും വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി, എന്നീ വിഭാഗങ്ങളിൽ 100 ശതമാനം തുക വിനിയോഗിക്കാൻ സാധിച്ചത് എടുത്തു പറയേണ്ട നേട്ടമാണ്.

- നിക്ഷേപ പ്രവൃത്തികൾ- മുൻ വർഷങ്ങളിലേതുൾപ്പെടെ 500617 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസിയിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 500617/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. ഭൂജലവകുപ്പിൽ നിക്ഷേപിച്ച 500617/- രൂപയുടെ വിനിയോഗ വിവരമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസിമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം-

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷം സാങ്കേതിക അനുമതി ലഭിച്ച 210 പ്രോജക്ടുകളിൽ 172 എണ്ണവും തൻവർഷം നടപ്പിലാക്കി. 39312 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 598 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, കയ്യാല നിർമ്മാണം, കൃഷിക്ക് നിലം ഒരുക്കൽ, വൃക്ഷത്തൈ നടീൽ എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2021-22 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്		21895
വരവ്	ഇ.എഫ്.എം.എസ്. വരവ്	18750097
	ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ)	552864
ആകെ		19324856
ചെലവ്	തൊഴിലാളികളുടെ വേതനം	11980990
	വിദഗ്ധ തൊഴിലാളികളുടെ വേതനം	1963318
	സാധന വില	4805789
	ഭരണ ചെലവുകൾ	565375
ആകെ ചെലവ്		19315472
	നീക്കിയിരിപ്പ്	9384

മറ്റ് വരവുകൾ എന്ന ഇനത്തിൽ ലഭിച്ച 118/-ന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിതവേതനം	31920	13

കർഷകതൊഴിലാളി പെൻഷൻ	1635400	97
വിധവാ പെൻഷൻ	29,28,200	187
വാർദ്ധക്യകാല പെൻഷൻ	90,75,900	648
വികലാംഗ പെൻഷൻ	15,05,000	96
അൻപത് വയസ്സ് കഴിഞ്ഞ അവിവാഹതരുടെ പെൻഷൻ	2,84,400	19

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2023 തീയതിയിൽ 3.30 പി എം-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,701/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം 31.03.2022 വരെ സാംഖ്യ സോഫ്റ്റ് വെയർ വഴിയാണ് ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. 01.04.2022 മുതൽ ILGMS സോഫ്റ്റ് വെയർ നടപ്പാക്കിയിട്ടുണ്ട്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	18.05.2018 – 30.05.2018	2013-14 മുതൽ 2017-18 വരെ	LBA(HQ)11/I /8A4-9/ 2018-19/64 തീയതി : 04.07.18
പെർഫോർമൻസ് ഓഡിറ്റ്	22.06.2022 & 20.10.2022	3/2022	ലഭിച്ചിട്ടില്ല

1-11 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ സമീപ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി

വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം.	ഉടമസ്ഥൻ	റോഡിന്റെ പേര്	പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം-6 പ്രകാരം)
1	2/21	ജലാൽ മാട്ടയിൽ	തലനാട് - ചോനമല	1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡ്
2	2/40	അബ്ദുൽ റസാക്ക് മാട്ടയിൽ		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
3	2/237A	ഷെമീർ വി പി		5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
4	2/208	വി എ വർക്കി വാഴയിൽ	തലനാട് - ഈരാറ്റുപേട്ട റോഡ്	5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
5	2/189	കെ കെ കമലാസനൻ കല്ലുപ്പറമ്പിൽ		1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡ്
6	2/217	പ്രസാദ് കുമാർ വിലങ്ങുകല്ലുങ്കൽ		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
7	4/150A	ജോർജ് ജോസഫ് ചെങ്ങഴശ്ശേരിൽ	അടുക്കം- മേലടുക്കം	5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
8	6/145B	ദാസൻ വേലംകുന്നേൽ		1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡ്
9	5/142A	ചന്ദ്രിക എം തീക്കോയി എസ്റ്റേറ്റ്		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/01.02.2023) മറുപടിയായി സഞ്ചയയിൽ വേണ്ട മാറ്റങ്ങൾ വരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥല പരിശോധന നടത്തി അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും റോഡ് മാസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ് . അനന്തര നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

1-12 വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു.

1994 കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് പ്രകാരം ആരാധനാലയങ്ങൾ, ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാലയങ്ങളും അനുബന്ധ ഹോസ്റ്റലുകളും, സൗജന്യ ചികിത്സ ലഭിക്കുന്ന ആതുരാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വായന ശാലകൾ, പ്രാചീന സ്മാരകങ്ങൾ, ശവം അടക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന സ്ഥലങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങൾ, അറുപത് ച.മീ കുറവുള്ള വാസ ഗൃഹങ്ങൾ, സർക്കാർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി

നിർമ്മിച്ച് കൊടുത്തിട്ടുള്ള വാസ ഗൃഹങ്ങൾ എന്നീ ഇനങ്ങളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവിന് അർഹതയുള്ളത്. എന്നാൽ പ്രസ്തുത ഗണത്തിൽ ഉൾപ്പെടാത്ത താഴെ പറയുന്ന കെട്ടിടങ്ങളെ സഞ്ചയയിൽ 'നികുതി, ഉപ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമസ്ഥൻ	വിസ്തീർണ്ണം (ച.മീ)
1	9/140A	മാനേജർ തീക്കോയി എസ്റ്റേറ്റ്	55
2	9/178	P.H.E.D പമ്പ് ഹൌസ്	27.84
3	9/25	മീനച്ചിൽ റിവർ വാലി	15
4	9/26	മീനച്ചിൽ റിവർ വാലി	15
5	5/11	വൈ എ സിദ്ധിക്ക് യാക്കിരിയിൽ	5.8

സഞ്ചയയിൽ നിന്നും ലഭ്യമായ ഫോം 6 പരിശോധിച്ചതുപ്രകാരം സ്വകാര്യ വ്യക്തിയുടെ കൈവശമുള്ള ക്രമ നമ്പർ 5 കെട്ടിടത്തിന്റെ ഒക്കുപ്പൻസി രേഖപ്പെടുത്തിയിരിക്കുന്നത് ICDP സബ്സെന്റർ എന്നാണ്. ക്രമ നമ്പർ 1 കെട്ടിടം തീക്കോയി എസ്റ്റേറ്റിലെ തമിഴ് വംശജരായ കുട്ടികൾക്കായുള്ള സ്കൂൾ ആയി പ്രവർത്തിച്ചിരുന്ന കെട്ടിടമാണെന്നും നിലവിൽ ഉപയോഗശൂന്യമായി കിടക്കുകയാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 09/01.02.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട് . ക്രമ നമ്പർ 5 കെട്ടിടം വാടക രഹിതമായി മൃഗാശുപത്രിയുടെ സബ്സെന്റർ പ്രവർത്തിക്കുന്ന കെട്ടിടമാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പട്ടികയിൽ പരാമർശിച്ചിട്ടുള്ള മറ്റ് കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതും ഉപയോഗക്രമം സംബന്ധിച്ച് സഞ്ചയയിൽ വേണ്ട മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. തുടർ നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-13 പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ലൈസൻസില്ലാതെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2021-22 സാമ്പത്തിക വർഷത്തിൽ F T E ആൻഡ് O S ലൈസൻസിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ 'പാർപ്പിടാവശ്യം' എന്ന ഉപയോഗക്രമത്തിൽ നികുതി നിർണയിച്ചുനൽകിയ കെട്ടിടങ്ങളിൽ പഞ്ചായത്തിൽ നിന്നുമുള്ള ലൈസൻസ് കൂടാതെ അനധികൃതമായി കച്ചവട സ്ഥാപനങ്ങൾ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ .

ക്രമ നം.	കെട്ടിട ഉടമയുടെ പേര്	കെട്ടിട നം.	നിലവിലെ ഉപയോഗക്രമം
1	അമ്മിണിയമ്മ പുതുപ്പറമ്പിൽ	III/28	ചായക്കട
2	ഓ ജി സുരേന്ദ്രൻ ഒറവത്തൊട്ടിയിൽ	III/158	പലചരക്ക് കട

ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/01.02.2023) മറുപടിയായി കെട്ടിടങ്ങളുടെ നികുതി പുനർനിർണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2011 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും

മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷം തലനാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

ക്രമ നം.	സ്ഥാപനം	അർദ്ധവർഷം
1	നീതി ലാബ്	2
2	അക്ഷയ കേന്ദ്രങ്ങൾ	1,2
3	ഗ്യാസ് ഗോഡൗൺ വടക്കുംഭാഗം	1,2
4	റേഷൻ കടകൾ (5 എണ്ണം)	1,2

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.7/01.02.2023) മറുപടിയായി ക്രമ നമ്പർ (1) സ്ഥാപനത്തിൽ സ്ഥിരമായി ജോലി ചെയ്യുന്ന ജീവനക്കാരില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 60 ദിവസമോ അതിൽ കൂടുതലോ കാലയളവിൽ വരുമാനമുള്ള തൊഴിൽ ചെയ്തിട്ടുള്ളവർ തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ് . സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഡിമാൻഡ് നോടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി മുൻവർഷങ്ങളിലും ഈടാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 റേഷൻ കടകളിൽ നിന്നും കള്ളുഷാപ്പുകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിൽ പരാമർശങ്ങൾ ഉണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നികുതി വരുമാനം കുറവുള്ള പഞ്ചായത്തായതിനാൽ നികുതി പരിധിയിലുൾപ്പെടുത്താവുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. റേഷൻ കടകളെ 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം 149 പ്രകാരവും കള്ളുഷാപ്പുകളെ ഇനം 139 പ്രകാരവും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ സി.എസ്(എ) 9/764/2019 നമ്പർ കത്ത് പ്രകാരവും റീട്ടെയിൽ റേഷൻ ഡിപ്പോകൾ ലൈസൻസ് ഫീസ് ഒടുക്കുവാൻ ബാധ്യസ്ഥരാണ് . ലൈസൻസ് ഫീസ് ഈടാക്കാത്തത് പഞ്ചായത്തിന്റെ വരുമാനത്തിലുള്ള കുറവിന് കാരണമാകുന്നു. ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-18 കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല.

തലനാട് ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം കരാറുകാർ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.(പി.) നം. 13/ 2012/ PWD/ തീയതി 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്.

ക്രമ നം.	പ്രോജക്ട് നം/ പേര്	കരാറുകാരൻ	സെലക്ഷൻ നോട്ടീസ് തീയതി	കരാറിലേർപ്പെട്ട തീയതി	പി.എ.സി.	ഈടാക്കേണ്ടിയിരുന്ന പിഴ
1	111/22 തലനാട് പി.എച്ച്.സി യിൽ പൊതു ടോയിലറ്റ് ബ്ലോക്ക് നിർമ്മാണം	സിജോ കുര്യൻ, നെല്ലുവേലിൽ	09.03.20	25.03.20	564705	5647

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട്

നൽകിയ 4/31.3.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ 28.07.2021 ലെ ജി.ഒ.(എം.എസ്)682/2021/പൊതുമരാമത്ത് വകുപ്പ് ഉത്തരവ് പ്രകാരം കോവിഡ് സാഹചര്യത്തിൽ പിഴ ഈടാക്കുന്നത് ഒഴിവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചു. എന്നാൽ ഇവിടെ സെലക്ഷൻ നോട്ടീസ് നൽകിയ 09.03.20 ൽ കോവിഡ് വ്യാപനം തുടങ്ങിയിട്ടില്ലായിരുന്നു. ആയതിനാൽ മറുപടി തൃപ്തികരമല്ല. സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 കാലിബാരലിന്റെ വില സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.

തലനാട് ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരുന്നത്. എന്നാൽ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ ഗ്രാമ പഞ്ചായത്തിൽ ഏൽപ്പിക്കുകയോ ചെയ്തിരുന്നില്ല.

കാലി ബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ ബാരലൊന്നിന് 238/-രൂപ പ്രകാരവും 18% ജി.എസ്.റ്റിയും ഈടാക്കാവുന്നതാണ്.

ക്രമ നം	പ്രവൃത്തി വിശദാംശങ്ങൾ	ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം	ഈടാക്കേണ്ടിയിരുന്ന തുക
1	77/22 വാർഡ്- 12 ഞണ്ടുകല്ല് കുറിഞ്ഞിപ്ലാവ് റോഡ് റീടാറിംഗ് കരാറുകാരൻ- പി. എസ് സുനിൽ	3	വില 714/- ജി.എസ്.ടി 18%- 129/-

ബാരൽവില ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 3/31.1.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനിൽ നിന്നും 844 രൂപ രസീത് നം. 12220100957/2.2.23 പ്രകാരം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് എന്ന് അറിയിച്ചു. ടി തുക ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-20 കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം അടവാക്കുന്നത് - കുടിശ്ശിക വിശദാംശങ്ങൾ വ്യക്തമല്ല

തലനാട് ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനായി പ്രോജക്ട് നമ്പർ 3/22 പ്രകാരം റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും 391428/ രൂപ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 71 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിലാണ് പ്രതിമാസം 32619/ രൂപ ഒടുക്കുന്നത്. 71 പൊതു ടാപ്പുകളും നലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള 19.04.21 ലെ 51474 ബിൽ പ്രകാരം തൻമാസ ഡിമാന്റ് 32619/ രൂപ മാത്രമാണ്. 31.03.21 ലെ ക്ലോസ്സിംഗ് ബാലൻസായി കാണിച്ചിട്ടുള്ളത് 718155രൂപ എന്നും ഫൈൻ 14063/ രൂപ എന്നും കാണിച്ചിരിക്കുന്നു. 31.03.21 ലെ ക്ലോസ്സിംഗ് ബാലൻസായി കാണിച്ചിട്ടുള്ള 718155രൂപ വെള്ളക്കരം ഇനത്തിൽ ഒടുക്കാനുള്ളതാണോ എന്നത് വ്യക്തമല്ല. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള 16.03.22 ലെ

ബിൽ നമ്പർ 61619 പ്രകാരമുള്ള 2022 മാർച്ച് മാസത്തെ ബിൽ പ്രകാരം ഓപ്പണിംഗ് ബാലൻസായി കാണിച്ചിട്ടുള്ളത് 925253/ രൂപയും ഫൈൻ 18136/രൂപയുമാണ്. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/02.02.23) ലഭ്യമാക്കിയ മറുപടിയിൽ പൊതു ടാപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ല എന്നും, മുൻകാല കുടിശ്ശിക സംബന്ധിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും വിശദമായ സ്റ്റേറ്റ്മെന്റ് വാങ്ങി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-21 ആർദ്രം പദ്ധതി പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തൽ പ്രോജക്ട് -അപാകതകൾ

ആർദ്രം മിഷന്റെ ഭാഗമായി തലനാട് പ്രൈമറി ഹെൽത്ത് സെന്ററിനെ ഫാമിലി ഹെൽത്ത് സെന്ററായി അപ്ഗ്രേഡ് ചെയ്യുന്നതിന് വേണ്ടി കെട്ടിടനിർമ്മാണച്ചുമതല നാഷണൽ ഹെൽത്ത് മിഷൻ ഏറ്റെടുക്കുകയും നിർമ്മാണം ജില്ലാനിർമ്മിതി കേന്ദ്രത്തെ ഏല്പിക്കുകയും ചെയ്തു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകൾ പ്രകാരം 2200000/ രൂപ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ, വർഷം	ചെലവ് തുക	ബിൽ നമ്പർ തീയതി	ഫണ്ടിനം
1	50/21 -2020 -21	400000/	23/23.09.20	റോഡിതരം
2	5/22, 2021-22	1800000/	23/11.8.21 (600000) 74/24.3.22 (1200000)	റോഡിതരം

ഡിസ്ട്രിക്ട് ഹെൽത്ത് ആന്റ് ഫാമിലി ഫെൽഫെയർ സൊസൈറ്റി (ആരോഗ്യ കേരളം) കോട്ടയത്തിന്റെ എ കെ(കെ) 225/20-21 തീയതി 29.07.21 കത്ത് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തുക 3750000/ രൂപയാണ് എന്നും 1550000/ രൂപ എൻ.എച്ച്.എം നൽകുന്നതാണ് എന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളത്. നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ ഓഡിറ്റിന് ലഭ്യമായില്ല. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ ഉൾപ്പടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട് എങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/02.02.2023) മറുപടി ലഭ്യമാക്കിയില്ല. 2200000/ രൂപ കൈമാറിയ പ്രോജക്ടിന്റെ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ആശുപത്രി കെട്ടിടം ഓഡിറ്റ് വേളയിൽ നേരിൽ പരിശോധിച്ചതിൽ ഭിത്തിയുടെ പകുതി ഭാഗം സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് നിർമ്മിച്ച് അതിന് മുകളിൽ ജി.ഐ പൈപ്പ് സ്ഥാപിച്ച് റൂഫ് നിർമ്മിക്കുകയും ഭിത്തിയുടെ ബാക്കി ഭാഗം ആസ്ബറ്റോസ് ഷീററ് ഉപയോഗിച്ച് മറച്ചിരിക്കുന്നതായും കണ്ടു. റൂഫ് ട്രാഫോർഡ് ഷീറ്റ് ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. റൂഫിന് മുകളിൽ വെള്ളം കെട്ടി നിന്ന് കെട്ടിടത്തിനുള്ളിലേക്ക് വീഴുന്ന അവസ്ഥയിലാണ്. ഇത് മൂലം സീലിംഗ് പല ഭാഗത്തും ഇളകി പോയിട്ടുണ്ട്. എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ പഞ്ചായത്തിന് മുൻകൂട്ടി ലഭിച്ചിരുന്നുവെങ്കിൽ ആവശ്യമായ ഇടപെടൽ പഞ്ചായത്തിന് നടത്താമായിരുന്നു.

നിർമ്മിതി കേന്ദ്രത്തിൽ നിന്നും പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ അടിയന്തിരമായി ലഭ്യമാക്കി എസ്റ്റിമേറ്റ് പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ തന്നെയാണോ നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന്

സാങ്കേതിക വിഭാഗത്തെക്കൊണ്ട് പരിശോധിപ്പിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച് കെട്ടിടം ഉപയോഗിക്കാൻ തുടങ്ങിയെങ്കിലും ഫൈനൽ ബിൽ ലഭ്യമാകാത്ത സാഹചര്യത്തിലും മറ്റ് അപാകതകൾ നിലനിൽക്കുന്നതിനാലും തൻവർഷത്തെ 1800000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം പ്രോജക്ട് സംബന്ധിച്ച്

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം എന്ന പ്രോജക്ടിനായി (നമ്പർ 149/22) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 420175/രൂപ (ബിൽ നമ്പർ XVFC/2021-22/p/18/ 27.03.22) ഭൂജലവകുപ്പ് കോട്ടയം ജില്ലാ ഓഫീസിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 2, 3, 5, 7, 8, 9, 10, 12, 13 എന്നീ വാർഡുകളിലായി 9 കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനാണ് പ്രസ്തുത തുക ഒടുക്കിയത്. ഫയൽ പരിശോധിച്ചതിൽ കുഴൽ കിണർ നിർമ്മിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഭൂജലവകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല എന്ന് കാണുന്നു. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 10.05.22 തീയതിയിലെ C3-179/21 നമ്പർ കത്തിൽ 9 കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് തുക ഒടുക്കി എങ്കിലും 2,5,7,8,9,10 എന്നീ വാർഡുകളിലായി 6 കുഴൽകിണറുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത് എന്നും, 3 കുഴൽ കിണറുകൾ ഇനിയും നിർമ്മിച്ചിട്ടില്ല എന്നും ഭൂജല വകുപ്പിനെ അറിയിച്ചിട്ടുണ്ട്. 9 കുഴൽ കിണറുകൾ നിർമ്മിക്കുന്നത് ഏതെങ്കിലും കുടിവെള്ള പദ്ധതിയുടെ ഭാഗമായിട്ടാണോ എന്നത് ഫയലിൽ നിന്ന് വ്യക്തമല്ല. 01.02.2023 ൽ വാർഡ് 2 ൽ നിർമ്മിച്ച കുഴൽകിണർ പരിശോധിച്ചതിൽ കുഴൽ കിണർ നിർമ്മിച്ച് എൻഡ് ക്യാപ് ഉപയോഗിച്ച് അടച്ചുവച്ചിരിക്കുന്നതായി കണ്ടു. വെള്ളം ഉപയോഗിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. നിർമ്മിച്ച 6 കുഴൽകിണറുകളിലും ജല ലഭ്യത ഉണ്ടോ എന്നത് സംബന്ധിച്ച വിവരവും ലഭ്യമായില്ല. സെക്രട്ടറിയുടെ കത്തിൽ 2018-19 സാമ്പത്തിക വർഷം വാർഡ് 9 ൽ കുഴൽകിണർ നിർമ്മിക്കുന്നതിനായി 80442/ രൂപ ഭൂജലവകുപ്പിൽ അടവാക്കിയിരുന്നു എങ്കിലും നാളിതുവരെ നിർമ്മാണം നടത്തിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം വാർഡ് 9 ൽ കുഴൽകിണർ നിർമ്മിച്ചിട്ടുള്ളതിനാൽ 2018-19 സാമ്പത്തിക വർഷം ഒടുക്കിയ 80442/ രൂപ ഉപയോഗിച്ച് ഇനിയും കുഴൽ കിണർ നിർമ്മിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ചും മറ്റ് അപാകതകൾക്ക് വിശദീകരണം ആശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/ 02.02.23) മറുപടി ലഭ്യമാക്കിയില്ല. വിഷയം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ 6 കുഴൽകിണറുകൾ മാത്രമാണ് നിർമ്മിച്ചതെന്നും 2 എണ്ണത്തിൽ ജലലഭ്യത ഇല്ല എന്നും ഭരണസമിതി അംഗങ്ങൾ അറിയിച്ചു. 9 കുഴൽ കിണറുകൾ നിർമ്മിക്കുന്നത് ഏതെങ്കിലും കുടിവെള്ള പദ്ധതിയുടെ ഭാഗമായിട്ടല്ല എന്നും വെള്ളം എടുക്കുന്നതിനായി തുടർ പ്രോജക്ടിൽ മോട്ടോർ ഘടിപ്പിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-23 തലനാട് ഗവൺമെന്റ് എൽ. പി. സ്കൂൾ സ്മാർട്ട് ക്ലാസ് റൂം നിർമ്മാണവും അനുബന്ധപ്രവർത്തനങ്ങളും- അപാകതകൾ

പ്രോജക്ട് നം. 123/22

അടങ്കൽ- 237244 രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്- 237186 രൂപ (ബിൽ നം. 1/21-22/ 28.06.21)

നിർവ്വഹണദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

ഗവൺമെന്റ് എൽ. പി. സ്കൂളിലെ സ്മാർട്ട് ക്ലാസ് റൂമിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനാണ് മേൽ പ്രോജക്ട് ഏറ്റെടുത്തത്. സ്മാർട്ട് ക്ലാസ് റൂമിലേക്ക് ആവശ്യമായ ഉപകരണങ്ങൾ മുൻ വാർഷിക പദ്ധതിയിൽ വാങ്ങിയിരുന്നു.

പ്രോജക്ടിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനം 3 ആയി സ്കൂൾ കോമ്പൗണ്ടിന് വെളിയിലുള്ള ടോയിലറ്റിന് 20m2 ജി. ഐ ഷീറ്റ് റൂഫിംഗ് ചെയ്തിട്ടുണ്ട്. ആയതിന് ചതുരശ്രമീറ്ററിന് 617.65 രൂപ നിരക്കിൽ 12353 രൂപ മൂല്യവും കണക്കാക്കി 12% ജി.എസ്.റ്റി ഉൾപ്പടെ 13835 രൂപ ചെലവഴിച്ചിട്ടുണ്ട്.

സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം എന്ന പ്രവൃത്തിയിൽ ഇതുമായി ബന്ധമില്ലാത്ത ടോയിലറ്റിന് റൂഫിംഗ് എന്ന ഇനം ചെയ്യുവാനുണ്ടായ സാഹചര്യം വ്യക്തമല്ല.

അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 21/02.02.2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-24 കൃഷി ഓഫീസിലേക്ക് പ്രിന്ററും യു.പി.എസും വാങ്ങൽ- പ്രിന്റർ ലഭ്യമായിട്ടില്ല.

പ്രോജക്റ്റ് നം. 67/22

അടങ്കൽ- 50000 രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്- 43323 രൂപ (ബിൽ നം. 6/21-22/ 09.02.22)

നിർവ്വഹണദ്യോഗസ്ഥൻ- കൃഷി ഓഫീസർ

തലനാട് കൃഷി ഓഫീസിലേക്ക് പ്രിന്ററും യു.പി.എസും വാങ്ങുന്നതിനായി 43323 രൂപ കേരള സംസ്ഥാന ഐ. റ്റി. മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. അക്കൗണ്ട് നം. 799011400003959. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇനം	വില	പ്രൊഫോമ ഇൻവോയിസ് നം.
1 കെ.വി.എ. യു.പി.എസ്	23305	34601/7.2.22
എ4 മൾട്ടിഫംഗ്ഷൻ പ്രിന്റർ	20018	34602/7.2.22
ആകെ	43323	

ഫയൽ പരിശോധിച്ചതിൽ 1 കെ.വി.എ. യു.പി.എസ് ലഭിച്ചിട്ടുണ്ട്. എന്നാൽ മൾട്ടിഫംഗ്ഷൻ പ്രിന്റർ നാളിതുവരെ ലഭിച്ചിട്ടില്ലാത്തതായി കാണുന്നു. മൾട്ടിഫംഗ്ഷൻ പ്രിന്റർ ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രിന്ററിന്റെ വിലയിനത്തിൽ കെൽട്രോണിനു നൽകിയ 20018 രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 5/1.2.2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ആവശ്യപ്പെട്ടിരുന്ന പ്രിന്റർ കെൽട്രോണിന്റെ സൈറ്റിൽ ലഭ്യമല്ലാതിരുന്നതിനാൽ വർക്ക് ഓർഡർ നൽകാൻ സാധിച്ചിരുന്നില്ല എന്നും പഞ്ചായത്ത് കമ്മറ്റിയുടെ 24.12.2022 ലെ 4(1) നമ്പർ തീരുമാനപ്രകാരം സൈറ്റിൽ ലഭ്യമായ 18347 രൂപയുടെ പ്രിന്റർ വാങ്ങാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട് എന്നും അറിയിച്ചു. പ്രിന്റർ ലഭിച്ചതിനുശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും ബാക്കി തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. അതുവരെ 20018 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി തുക ഒടുക്കി- കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് (നമ്പർ 68/22) മൃഗാശുപത്രിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം റോഡിതരം ഫണ്ടിൽ നിന്നും 39797/ രൂപ ബിൽ നമ്പർ 24/ 23.03.22 പ്രകാരം പിൻവലിച്ച് കെൽട്രോണിലേക്ക് ഒടുക്കിയിരുന്നു. എന്നാൽ കമ്പ്യൂട്ടർ ലഭ്യമായില്ല. തലനാട് ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 24.12.2022 ലെ 1(2) നമ്പർ തീരുമാനപ്രകാരം പ്രകാരം കമ്പ്യൂട്ടർ വാങ്ങുന്നതിനായി 39797/ രൂപ കെൽട്രോണിൽ ഒടുക്കി എങ്കിലും കമ്പ്യൂട്ടർ ലഭ്യമല്ലാത്തതിനാൽ വർക്ക് ഓർഡർ നൽകാൻ സാധിച്ചില്ല എന്നും, ലഭ്യമായ സാധനങ്ങൾക്ക് വില അധികരിക്കുകയും ചെയ്തിട്ടുണ്ട് എന്നും വിലയിരുത്തി. ഈ സാഹചര്യത്തിൽ 39121/ രൂപയ്ക്ക് മുകളിൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ്പ് വാങ്ങുന്നതിന് അനുമതി നൽകി തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രകാരം ലാപ് ടോപ്പ് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/02.02.23) ലഭ്യമാക്കിയ മറുപടിയിൽ കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല എന്നും കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ട് എന്നും അറിയിച്ചു. കമ്പ്യൂട്ടർ ലഭ്യമല്ലാത്ത

സാഹചര്യത്തിൽ ഒടുക്കിയ 39797/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 വീട് വാസയോഗ്യമാക്കൽ (എസ്.റ്റി) പ്രോജക്ട് സംബന്ധിച്ച്

വി.ഇ.ഒ. നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ (എസ്.റ്റി), എന്ന പ്രോജക്ട് (നമ്പർ 32/22) പ്രകാരം വികസന ഫണ്ട് ടി.എസ്.പി. യിൽ നിന്നും 595702/ രൂപ പിൻവലിച്ച് 5 ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന 3 ഗുണഭോക്താക്കളുടെ ഫയലിൽ ചെയ്ത പ്രവൃത്തികളുടെ ഇനം, അളവ് എന്നിവ ഉൾപ്പെടുത്തി ഡീറ്റെയിൽഡ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്താതെ ഒറ്റവരിസർട്ടിഫിക്കറ്റിൽ ചെലവഴിച്ച തുക രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) മധുശങ്കരൻ, മേക്കല്ലായിൽ, അടുക്കം (തീയതി രേഖപ്പെടുത്താത്ത വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ 114320/രൂപ ചെലവഴിച്ച എന്ന് മാത്രം)

2) ഗോപാലകൃഷ്ണൻ, പച്ചിക്കൽ, അടുക്കം (തീയതി രേഖപ്പെടുത്താത്ത വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ 99950/രൂപ ചെലവഴിച്ച എന്ന് മാത്രം)

3) ജനാർദ്ദനൻ.പി.എസ്, പുതിയകുന്നേൽ, അടുക്കം (തീയതി രേഖപ്പെടുത്താത്ത വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ 81432/രൂപ ചെലവഴിച്ച എന്ന് മാത്രം)

ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് സാങ്കേതിക വിഭാഗത്തിൽ നിന്നും ഹാജരാക്കിയ മൂല്യനിർണ്ണയം സർട്ടിഫിക്കറ്റിൽ ചെയ്ത ഇനങ്ങളുടെ അളവ് സൂചിപ്പിക്കാതെ മൂല്യനിർണ്ണയം നടത്തിയത് എപ്രകാരമെന്ന് വ്യക്തമല്ല. മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/02.02.23 ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചു. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-27 ഒടുക്കിയ തുകയുടെ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ എൻ.ആർ.എച്ച്.എം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൾ പ്രോജക്ട് (നമ്പർ 7/22) പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോർപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും 150000/ രൂപ (ബിൽ നമ്പർ 54/07.01.22) തുക ഒടുക്കിയിരുന്നു എങ്കിലും 67215 രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചത്.

82785 / രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ 82785 / രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല

സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ പ്രകാരം താഴെ പറയും പ്രകാരം വിവിധ ഏജൻസികളിൽ തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	പ്രോജക്ട് വിവരങ്ങൾ	ഒടുക്കിയതുക ഫണ്ടിനം	തുക ഒടുക്കിയ സ്ഥാപനം	ബിൽ നമ്പർ
1	149/22 വിവിധ വാർഡുകളിൽ	420175/ ധനകാര്യ കമ്മീഷൻ	ഗ്രൗണ്ട് വാട്ടർ അതോറിറ്റി	XVFC/2021-22 /p/18/ 27.03.22

	കുഴൽ കിണർ നിർമ്മാണം	ഗ്രാന്റ്		
2	163/22 പന്ത്രണ്ടാം വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ	69000/ ധനകാര്യ കമ്മീഷൻ ഗ്രാന്റ്	കേരള വാട്ടർ അതോറിറ്റി	XVFC/2021-22/p/8/ 22.03.22
3	1/22 എസ്.എസ്.എ .വിഹിതം	200000 വികസനഫണ്ട്	എസ്.എസ്.എ	18/ 30.07.21

മേൽ പ്രസ്താവിച്ച പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/02.02.23ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 2, 3 എന്നിവ പ്രകാരമുള്ള പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ ലഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 1 പ്രകാരമുള്ള വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം എന്ന പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയതിൽ ഒടുക്കിയ 420175/ രൂപയിൽ 329250/ രൂപ ചെലവഴിച്ചു എന്നും, 90925/ രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ എത്ര കുഴൽ കിണറുകൾ നിർമ്മിച്ചു എന്നോ, ആയതിന്റെ ഡീറ്റെയിൽഡ് ബില്ലോ ഹാജരാക്കിയിട്ടില്ല. ആയതുകൂടി ലഭ്യമാക്കേണ്ടതാണ്. വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാകുന്നതുവരെ 689175/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 സുഭിക്ഷകേരളം- ഇടവിളകൃഷിക്ക് കൂലിച്ചെലവ് സവ്സിഡി- വൗച്ചർ സൂക്ഷിച്ചിട്ടില്ല.

പ്രോജക്ട് നം. 66/22
അടങ്കൽ- 200000 രൂപ (വികസന ഫണ്ട്)
ചെലവ്- 107400 രൂപ (ബിൽ നം. 9/21-22/ 19.03.22)
നിർവ്വഹണദ്യോഗസ്ഥൻ- കൃഷി ഓഫീസർ

തലനാട് ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം ഇടവിളകൃഷിയായി വാഴകൃഷി ചെയ്ത 41 കർഷകർക്ക് പണിക്കൂലിക്ക് സബ്സിഡിയായി ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ കർഷകരുടെ ഫയലിനോടൊപ്പം തൊഴിലാളികൾക്ക് കൂലി നൽകിയതിന്റെ വൗച്ചർ ഹാജരാക്കിയിട്ടില്ല. കൂലിച്ചെലവ് നൽകിയതിന്റെ വൗച്ചർ ഹാജരാക്കാതെ സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 22/2.2.2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറപടി ലഭ്യമാക്കിയതിൽ സ്ഥലപരിശോധനയിൽ കർഷകർ കൃഷി ചെയ്തിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് എന്നും വരും വർഷങ്ങളിൽ നിയമപരമായിട്ടുള്ള വൗച്ചറുകൾ വാങ്ങി സൂക്ഷിക്കുന്നതാണ് എന്നും അറിയിച്ചു. വരും വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-30 ലൈഫ് ഭവന പദ്ധതി അവലോകനം 2021-22

പ്രോജക്ട് വിശകലനം

പ്രോജക്ട് നമ്പർ, പേര്	ചെലവ് തുക	ഫണ്ടിനം
29/22 ലൈഫ് ഭവന പദ്ധതി (എസ്.സി)	560000/രൂപ 100000/രൂപ ആകെ- 660000/ രൂപ	വികസനഫണ്ട് സംസ്ഥാനാവിഷ്കൃത ഫണ്ട്

30/22 ലൈഫ് ഭവന പദ്ധതി (എസ്.റ്റി)	949400/ രൂപ 590000/ രൂപ 2110000/ രൂപ 350000/ രൂപ ആകെ- 3999400/രൂപ	വികസനഫണ്ട് ജില്ലാപഞ്ചായത്ത് വിഹിതം സംസ്ഥാനാവിഷ്കൃത ഫണ്ട് ബ്ലോക്ക് വിഹിതം
28/22 ലൈഫ് ഭവന പദ്ധതി (ജനറൽ)	1240000/ രൂപ 280000/ രൂപ 300000/രൂപ 900000/രൂപ ആകെ 2720000/ രൂപ	വികസനഫണ്ട് ജനറൽ ജില്ലാപഞ്ചായത്ത് വിഹിതം ബ്ലോക്ക് വിഹിതം സംസ്ഥാനാവിഷ്കൃത ഫണ്ട്
ആകെ ചെലവ്	7379400/ രൂപ	

ലൈഫ് ഭവന പദ്ധതി- ഫേസ് 11

32 ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരുന്നു. ജനറൽ വിഭാഗം - 25, എസ്.സി. വിഭാഗം- 5 . എസ്.റ്റി.വിഭാഗം-2 എന്നിങ്ങനെ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട 32 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതി- ഫേസ് 111

20 ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരുന്നു. ജനറൽ- 15, എസ്.സി.- 4 . എസ്.റ്റി- 1. എസ്.സി. എസ്.റ്റി- വിഭാഗത്തിൽ നിന്നുള്ള എല്ലാ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിൽ 10 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 5 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. ഇതിൽ 3 ഗുണഭോക്താക്കൾ റൂഫ് ലെവൽ വരെ പൂർത്തീകരിച്ചിട്ടുണ്ട്. ഒരാൾ തറ പൂർത്തീകരിച്ച് രണ്ടാം ഗഡു 16.01.23 ൽ കൈപ്പറ്റിയിട്ടുണ്ട്. ശ്രീ. മുഹമ്മദാലി. പി. കെ, പള്ളിയിൽ എന്ന ഗുണഭോക്താവിന് പ്രോജക്ട് പ്രകാരം സ്ഥലം വാങ്ങി നൽകിയിട്ടുണ്ട്. പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ആദ്യ ഗഡു നൽകിയിട്ടില്ല. മേൽ പ്രസ്താവിച്ച 5 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

എസ്.സി. അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത് ശ്രീമതി .സന്ധ്യ സാബു, കല്ലാറ്റുപറമ്പിൽ എന്ന ഗുണഭോക്താവ് മാത്രമാണ്. ഭവന നിർമ്മാണം റൂഫ് ലവൽവരെ പൂർത്തീകരിച്ചിട്ടുണ്ട്.

എസ്.റ്റി. അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 17 ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 7 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 10 ഗുണഭോക്താക്കളിൽ 9 ഗുണഭോക്താക്കളുടേയും ഭവന നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ശ്രീ. സെബാസ്റ്റ്യൻ സാമുവേൽ, പൊട്ടൻപ്ലാക്കൽ, അട്ടിക്കളം, (പട്ടിക വർഗ്ഗ സങ്കേതം) എന്ന ഗുണഭോക്താവ് 24.09.21 ൽ അഡ്വാൻസ് 90000/ രൂപ കൈപ്പറ്റി. പിന്നീട് 23.03.22 ൽ ബേസ്മെന്റ് പൂർത്തീകരിച്ച് 110000/ രൂപ കൈപ്പറ്റിയിട്ടുണ്ട് എങ്കിലും നാളിതുവരെ കൈപ്പറ്റിയ തുകയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. ടിയാളുടെ ഭവന നിർമ്മാണം പരിശോധിച്ച് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് ഭൂമിവാങ്ങി

നൽകുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ തയ്യാറാക്കേണ്ടതാണ് എങ്കിലും അപ്രകാരം രജിസ്റ്റർ തയ്യാറാക്കാതെ ലൈഫ് ഭവന നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിൽ എഴുതിച്ചേർക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2021-22	28.1.2023

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാക്കി
ബ്ലോക്ക് പഞ്ചായത്ത്	174000	സ്ഥിരം കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (പ്രൊജക്ട് നം. 64/22)	174000	0
	100000	സാന്ത്വന പരിചരണ പരിപാടി -ജനറൽ (പ്രൊജക്ട് നം. 8/22)	100000	0
	350000	ലൈഫ് മിഷൻ ഭവന നിർമ്മാണം -എസ് ടി (പ്രൊജക്ട് നം. 30/22)	350000	0

	300000	ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ (പ്രൊജക്ട് നം. 28/22)	300000	0
	112000	ഭിന്ന ശേഷി വിഭാഗത്തിൽ പെട്ടവർക്ക് സ്കോളർഷിപ്പ് നൽകൽ (പ്രൊജക്ട് നം. 12/22)	112000	0
	150000	ഭിന്ന ശേഷി വിഭാഗത്തിൽ പെട്ടവർക്ക് സ്കോളർഷിപ്പ് നൽകൽ (പ്രൊജക്ട് നം. 134/22)	150000	0
	50000	ക്ഷീര കർഷകർ അളക്കുന്ന പാലിന് സബ്സിഡി (പ്രൊജക്ട് നം. 62/22)	50000	0
ആകെ	12,36,000		12,36,000	0
ജില്ലാ പഞ്ചായത്ത്	590000	ലൈഫ് മിഷൻ ഭവന നിർമ്മാണം -എസ് ടി (പ്രൊജക്ട് നം. 30/22)	590000	0
	280000	ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ (പ്രൊജക്ട് നം. 28/22)	280000	0
	250000	അനുപൂരക പോഷക പരിപാടി (പ്രൊജക്ട് നം. 11/22)	250000	
	175000	ഭിന്ന ശേഷി വിഭാഗത്തിൽ പെട്ടവർക്ക് സ്കോളർഷിപ്പ് നൽകൽ (പ്രൊജക്ട് നം. 12/22)	175000	
	50000	ക്ഷീര കർഷകർ അളക്കുന്ന പാലിന് സബ്സിഡി (പ്രൊജക്ട് നം. 62/22)	50000	0
ആകെ	13,45,000		13,45,000	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	വിവിധവാർഡുകളിൽ കുഴൽ കിണർ നിർമ്മാണം (പ്രൊജക്ട് നം. 149/22)	XVFC/2021-22 /p/18/ 27.03.22	420175	0	420175
കേരള വാട്ടർ അതോറിറ്റി	പന്ത്രണ്ടാം വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് നം.163/22)	XVFC/2021-22/p/8/ 22.03.22	69000	0	69000

4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷ വരവ്	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
കെ.യു.ആർ.ഡി.എഫ്.സി	4102592	0	792000	-	3310592

*തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക - ലോൺ രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തലുകളില്ല.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല .

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2006-07	3-3	2010-11	2-14	ഡിപ്പോസിറ്റ് വർക്ക് – പ്രവർത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം	നിയമസഭാ സമിതിയുടെ (2014-16) യുടെ റിപ്പോർട്ട് നമ്പർ 52, ഖ.79 പ്രകാരം തുടർനടപടി ശുപാർശ
2015-16	2-2	2016-17	അനുബന്ധം - 5	തൊഴിൽ നികുതി	-

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	:	3,85,45,792
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	3,84,77,921
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	2631775

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-21	1800000	ശ്രീമതി സോഫിയ മാത്യു, സെക്രട്ടറി
1-24	20018	ശ്രീ. ഫരീദുസീൻ, വി.എം, കൃഷി ഓഫീസർ
1-25	39797	ഡോ. വിന്നിമോൾ ജോസ്, വെറ്ററിനറി സർജൻ
1-27	82785	ശ്രീമതി സോഫിയ മാത്യു, സെക്രട്ടറി
1-28	689175	ശ്രീമതി സോഫിയ മാത്യു, സെക്രട്ടറി
	2631775	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	ഖണ്ഡികകളുടെ എണ്ണം
1997-98	കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/754(1) /2022/04.08.2022	1
2002-03(ചെലവ്)	എൽ.എഫ്.കെ.പി2- 232/16 /1.4.2016	2
2002-03(വരവ്)	എൽ.എഫ്.കെ.പി2- 1300/11 /26.3.12	4
2003-04	കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/754(4) /2022/04.08.2022	4
2005-06	കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(3)/03.02.2018	1
2006-07	കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(4)/03.02.2018	2
2007-08	കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/1155(5)/04.08.2022	3
2008-09	കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/1155(6)/04.08.2022	4
09-10, 10-11,11-12	കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/1155(7)/04.08.2022	3
2012-13, 2013-14	കെ.എസ്.എ-	6

	കെ.ടി.എം.പി.14-അദാ 2022/1155(8)/04.08.2022	
2014-15	കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/754(6)/04.08.2022	1
2015-16	കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/754(1)/22/26.08.2022	5
2016-17	കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/754(2)/26.08.2022	11
2017-18	കെ.എസ്.എ-കെ.ടി.എം.പി.14-211/20 /16.06.2020	10
2018-19	കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/754(4)/26.08.2022	14
2019-20	കെ.എസ്.എ-കെ.ടി.എം.പി.14-1492/2021/ 02.06.2022	8
2020-21	കെ.എസ്.എ-കെ.ടി.എം.പി.14-1493/2021/ 26.07.2022	14

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം , കോട്ടയം

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്